## നാളെ

കൊരട്ടി ● ലയൺസ് ക്ലബ് ഭാരവാഹികളുടെ സ്ഥാനാരോഹണം നാളെ 7നു നടക്കും. സെക്കൻഡ് വൈസ് ഡിസ്ട്രിക്ട് ഗവർണർ ജയിംസ് വളപ്പില നേതൃത്വം നൽകും. ഭാരവാഹികൾ: ജോസ് ആന്റണി (പ്രസി.), കെ.കെ. ജോൺസൺ (സെക്ര.), എം.ജെ. ഫ്രാൻസിസ് (ട്രഷറർ). ലയനെസ് ക്ലബ്: സൂസൻ ജോസ് (പ്രസി.), സ്മിത ജോൺസൺ (സെക്ര.), ബീന ഫ്രാൻസിസ് (ട്രഷറർ).

## നേത്രപരിശോധന ക്യാംപ് നാളെ

മാള ● ബെന്നി ബഹനാൻ എംപിയുടെ 'ഒപ്പമുണ്ട് എംപി' പദ്ധതിയുടെ ഭാഗമായി നടത്തുന്ന ജ്യോതിർഗമയ നേത്രചികിത്സാ ക്യാംപ് നാളെ 9 മുതൽ 3 വരെ മാള കാർമൽ കോളജിൽ നടക്കും. ആവശ്യമായവർക്ക് തിമിര ശസ്ത്രക്രിയ, 6 വയസ്സു മുതൽ 15 വയസ്സ് വരെയുള്ള കുട്ടികൾക്ക് കണ്ണട എന്നിവ സൗജന്യമായിരിക്കും. ഫോൺ: 04842452700.

## നാരായണീയ യജ്ഞം

ചാലക്കുടി ● തിരുവനന്തപുരം അഖിലഭാരത നാരായണീയ ഉത്സവ സമിതി നടത്തുന്ന നാരായണീയ യജ്ഞം കോടശേരി ബ്രാഹ്മണ സമൂഹ മഠം ഹാളിൽ നാളെ 7.30 മുതൽ നടത്തും. വി. വിജയകുമാർ, മുഖ്യയജ്ഞാചാര്യനായിരിക്കും. ഐ. ഗീതാകുമാരി മച്ചേൽ, ഐ. ഗീതാകുമാരി മുട്ടട എന്നിവർ യജ്ഞാചാര്യരായിരിക്കും. എസ്. സനൽകുമാർ മുഖ്യ പ്രഭാഷണം നടത്തും.

## പീഡിപ്പിച്ചെന്ന് പരാതി

മാള ● വീട്ടിലേക്ക് അതിക്രമിച്ചെത്തിയയാൾ വീട്ടമ്മയെ പീഡിപ്പിച്ചതായി പരാതി. ഇയാളുടെ കയ്യിലുണ്ടായിരുന്ന ബ്ലേഡ് കൊണ്ട് വീട്ടമ്മയ്ക്കു മുറിവേറ്റിട്ടുണ്ട്. പൊലീസ് അന്വേഷണം ആരംഭിച്ചു. 3 കിലോമീറ്റർ അപ്പുറത്ത് മറ്റൊരു വീട്ടിലും ഇയാളെത്തിയതായി സംശയിക്കുന്നു. വാതിലിൽ തട്ടിയെങ്കിലും തുറക്കാതെ വന്നതോടെ അവിടെ നിന്നു മടങ്ങുകയായിരുന്നെന്നു പൊലീസ് പറഞ്ഞു. ഡോഗ് സ്ക്വാഡ്, വിരലടയാള വിദഗ്ധർ, ഫൊറൻസിക് വിദഗ്ധർ എന്നിവർ സ്ഥലത്തെത്തി തെളിവ് ശേഖരിച്ചു.

## വൈദ്യപരിശോധനാ ക്യാംപ്

കൊരട്ടി ● നൈപുണ്യ കോളജിലെ എൻഎസ്എസ് യൂണിറ്റും അപ്പോളോ ആശുപത്രിയും നടത്തുന്ന സൗജന്യ വൈദ്യപരിശോധനാ ക്യാംപ് 31 ന് 9 മുതൽ ഒന്നു വരെ കോളജ് അങ്കണത്തിൽ നടക്കും. ജനറൽ മെഡിസിൻ, ഹൃദ്രോഗം, അസ്ഥിരോഗം, നേത്രരോഗം, ക്ലിനിക്കൽ ഫാർമസി എന്നീ വിഭാഗങ്ങളിൽ വിദഗ്ധർ പങ്കെടുക്കുമെന്ന് കോളജ് അധികൃതർ അറിയിച്ചു. 9995858261

### വിവാഹം

ചാലക്കുടി ● പിതൃസ്മരണകൾ പുതുക്കി കർക്കിടകവാവ് ദിനത്തിൽ ഭക്തജനങ്ങൾ ബലിതർപ്പണം നടത്തി. കൂടപ്പുഴ ആറാട്ടുകടവിൽ ബലിതർപ്പണത്തിന് വലിയ തിരക്കുണ്ടായിരുന്നു. കൂടുപ്പുഴ ശിവ വിഷ്ണു ക്ഷേത്രത്തിൽ ബലി തർപ്പണത്തിനായി വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിരുന്നു. ക്ഷേത്രം തന്ത്രി താമരപ്പിള്ളി ജാതവേദൻ നമ്പൂതിരി മുഖ്യകാർമികത്വം വഹിച്ചു. ആറാട്ടുകടവിലെ ബലി തർപ്പണത്തിന് ബാബുലാൽ ശാന്തി, മോഹനൻ ഇളയത്, അനിൽ ശാന്തി, ബിനു ശാന്തി തുടങ്ങിയവർ കാർമികത്വം വഹിച്ചു കൺവീനർ നന്ദകുമാർ ചിറക്കൽ, ടി.പി. രാജു, സജീവ് വെള്ളന്നൂർ എന്നിവർ നേതൃത്വം നൽകി.

മുണ്ടത്തിക്കോട് ● കോടശേരി മല ശിവപാർവതി ക്ഷേത്രത്തിൽ വാവു ബലിതർപ്പണം നടന്നു. ജനീവ് ശാന്തി കാർമികത്വം വഹിച്ചു. ക്ഷേ... കൾ ച... നൽകി.



നന്തിക്കര രാപ്പാൾ വാതിൽമഠം ഭഗവതി ക്ഷേ... നടത്തിയ കർക്കടകവാവുബലിതർപ്പണം. ... രായണൻ ഇളയത് , മുളങ്ങ് എടക്കാട്ടിൽ വി... കാർമികരായി .

# ചാലക്കുടി നഗരസഭ സു... ആഘോഷം ഇന്നു തുട...

ചാലക്കുടി ● നഗരസഭ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഒരുക്കങ്ങൾ പൂർണമായതായി നഗരസഭാധ്യക്ഷൻ എബി ജോർജ്, സ്വാഗതസംഘം ചെയർമാൻ വി.ഒ. പൈലപ്പൻ എന്നിവർ അറിയിച്ചു. കലാഭവൻ മണി പാർക്കിലാണു പ്രധാന വേദി.

ഇന്നു 4 നു വിളംബര റാലി വടക്കേ ബസ് സ്റ്റാൻഡ് പരിസരത്ത് ആരംഭിക്കും. തുടർന്നു പ്രസീത ചാലക്കുടി നയിക്കുന്ന നാടൻ പാട്ട് മെഗാഷോ.30ന് 4 നു നഗരസഭ വിജയോത്സവം ബെന്നി ബഹനാൻ എംപി ഉദ്ഘാടനം ചെയ്യും. തുടർന്നു കലാസന്ധ്യ.

31 ന് 5 നു ജൂബിലി ആഘോഷം മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. നിയമസഭ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ അധ്യക്ഷത വഹിക്കും. നിർധനരായ 50 രോഗികൾക്ക് കാൽ ലക്ഷം രൂപ വീതം ... സുവർ... ണ്യ പ... ബിന്ദു ... ബിലി ... രേഖ ... പ്രകാശ... ത്തെ ... കൾക്ക് ... മുൻ ... ആദര...

## സെപ്റ്റിക് ടാങ്കൊന്നും പ്രശ്നമല്ല: ജീവൻ രക്ഷിക്കലാണു മുഖ്യം

ചാലക്കുടിയിൽ സെപ്റ്റിക് ടാങ്കിൽ വീണ നായയെ രക്ഷിച്ച് അഗ്നിരക്ഷാ ജീവനക്കാർ

ചാലക്കുടി ● സെപ്റ്റിക് ടാങ്കിൽ വീണതു നായയാണെങ്കിലും രക്ഷാപ്രവർത്തനത്തിനു മടിയില്ലാതെ അഗ്നിരക്ഷാ സേനയിലെ ഉദ്യോഗസ്ഥർ. രക്ഷാപ്രവർത്തനം ഏറെ നേരം നീണ്ടു . താലൂക്ക് ആശുപത്രിക്കു സമീപം ആളൊഴിഞ്ഞ പറമ്പിലെ സെപ്റ്റിക് ടാങ്കിലാണു നായ വീണത്. 10 അടിയിലധികം താഴ്ചയുള്ള ടാങ്കിനു മൂടി ഉണ്ടായിരുന്നില്ല.

നഗരസഭ ഉപാധ്യക്ഷ സിന്ധു ലോജു വിവരം അറിയിച്ചതിനെ തുടർന്ന് ഉദ്യോഗസ്ഥരെത്തി നായയെ കരയ്ക്കു കയറ്റുകയായിരുന്നു. സ്റ്റേഷൻ ഓഫിസർ ഹർഷ ജയറാം, സീനിയർ ഫയർ റെസ്ക്യൂ ഓഫിസർ എം. കുമാർ, ഫയർ ഓഫിസർമാരായ ജോഷി ജോർജ്, വി.എസ്. സുധിൻ, നിഖിൽ കൃഷ്ണ, എസ്. അതുൽ, കെ. രോഹിത്, കെ. ഉത്തമൻ സിവിൽ ഡിഫൻസ് അംഗം സുമേഷ് എന്നിവർ രക്ഷാപ്രവർത്തനത്തിനു നേതൃത്വം നൽകി.



മലയാ... എസ്... ഷനർ... ക്കളെ... മസ് ...

## 'ത... പ... എ...

ചാല... സം... ഭാഗ... എച്ച്... ഡറി... റീസ്... യൂണ... കൾ... ഇതി... ഴയ... ത്തു... ബന... തിയ... സ്ഥ... നേര... ളുടെ... എന്... ന്ന...

## മദ്യനയം: ഇരിങ്ങാലക്കുട രൂപതാ പ്രതിഷേധ റാലി നാളെ

ചാലക്കുടി ● സംസ്ഥാന സർക്കാരിന്റെ വികലമായ മദ്യ നയത്തിനെതിരെ ഇരിങ്ങാലക്കുട രൂപത നടത്തുന്ന പ്രതിഷേധ റാലിയും ജാഗ്രത സദസ്സും നാളെ നടക്കും. നാളെ 3.30നു സെന്റ് മേരീ... കരിക്കും.

ടൗൺ ചുറ്റി റാലി ടൗൺ ഹാളിൽ സമാപിക്കും. 4.30നു നടത്തുന്ന ജാഗ്രതാ സദസ്സ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്യും.

... INSTITUTE OF MANAGEMENT & INFORMATION TECHNOLOGY ... LIBRARY ... PONGAM, KORATTY EAST

Malayalamanorama Kochi
29-7-22